"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശ്രീ. സി. എച്ച്. ഉമ്മർ, സിൻഷ ടിമ്പേഴ്സ്, നിലമ്പൂർ, മലപ്പുറം ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 23631/2021-കോവിഡ് രണ്ടാം തരംഗം- ലേലത്തുക ഒടുക്കുന്നതിനും ലേലം കൊണ്ട തടി നീക്കം ചെയ്യുന്നതിനും കൂടുതൽ സമയം അനുവദിക്കുക-ബഹു ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.36/2022/F&WLD തീയതി,തിരുവനന്തപുരം, 04-02-2022

---

പരാമർശം:-

1. സ.ഉ(കൈ) നമ്പർ 20/2021/വനം തീയ്യതി 19/10/2021
2. WP(C) No. 23631/2021-ന്മേലുള്ള 06/12/2021-ലെ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 20/1/2022-ലെ പ്രൊ(4)-209091/2021 നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ് രണ്ടാം തരംഗം കാരണം തടി ലേലത്തുക ഒടുക്കുന്നതിനും ലേലം കൊണ്ട തടി നീക്കം ചെയ്യുന്നതിനും കഴിയാതെ വന്നതിനാൽ ആയതിന് കൂടുതൽ സമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. എച്ച്. ഉമ്മർ, സിൻഷ ടിമ്പേഴ്സ്, നിലമ്പൂർ, മലപ്പുറം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 23631/2021-ന്മേൽ 06/12/2021-ൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിൽ , Exhibit P11 ആയി ഹർജിക്കാരൻ സമർപ്പിച്ച നിവേദനം പരിഗണിച്ച് ഒരു മാസത്തിനകം ഉചിത ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഹർജിക്കാരന്റെ ഉടമസ്ഥയിലുള്ള M/s സിൻഷ ടിംബേഴ്സ് നിലമ്പൂർ എന്ന സ്ഥാപനം പാലക്കാട് ടിംബർ സെയിൽസ് ഡിവിഷന് കീഴിലെ നെടുങ്കയം ടിംബർ ഡിപ്പോയിൽ 17.02.2021, 01.03.2021 തീയതികളിൽ നടന്ന ഇ-ലേലത്തിൽ തേക്ക് തടികൾ ലേലത്തിൽ വിളിച്ചെടുക്കുകയുണ്ടായി. ലേലത്തിന് സ്ഥിരീകരണം ലഭിച്ച മുറയ്ക്ക് നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ നിയമാനുസൃതമുള്ള പാർട്ട് വാല്യൂ ഇനത്തിൽ (ലേല വിലയുടെ 35%) 17.02.2021 -ലെ ലേലത്തിന് 31,37,000/- രൂപ, 01.03.2021-ലെ ലേലത്തിന്

27,24,000/- രൂപ ഒടുക്കുകയും തുടർന്ന് ഗ്രേസ് പിരീഡിനുള്ളിൽ 28.098 ക്യൂബിക് മീറ്റർ തടികൾ പണമടച്ച് നീക്കം ചെയ്യുകയുമുണ്ടായി. എന്നാൽ 17.02.2021 ൽ വിളിച്ചെടുത്ത 30.350 ക്യൂബിക് മീറ്റർ തടിയും, 01.03.2021 ൽ വിളിച്ചെടുത്ത 81.463 ക്യൂബിക് മീറ്റർ തടിയും ലേല നിബന്ധന പ്രകാരമുള്ള വിലയും നിയമാനുസൃത നികുതികളും ഒടുക്കി നീക്കം ചെയ്യേണ്ടതുണ്ടായിരുന്നു. ലേലനിബന്ധന 14ഡി, 15 ഡി എന്നിവ പ്രകാരം തടികൾ തറവാടകയും, പലിശയും, പിഴപലിശയും ഒടുക്കി 17.02.2021 ലെ ലേലത്തിൽ വിളിച്ചെടുത്ത ഉൽപ്പന്നങ്ങൾ ഗ്രേസ് പിരീഡിനുശേഷം 29.06.2021 വരെയും 01.03.2021- ലെ ലേലത്തിൽ വിളിച്ചെടുത്ത ഉൽപ്പന്നങ്ങൾ 15.07.2021 വരെയും നീക്കം ചെയ്യാമായിരുന്നു. എന്നാൽ ഹർജിക്കാരൻ ഇക്കാര്യത്തിൽ വീഴ്ച വരുത്തി ലേലനിബന്ധന ലംഘിക്കുകയാണുണ്ടായത്.

3) ഹർജിക്കാരൻ നിവേദനത്തിൽ ഉന്നയിച്ച സമാന ആവശ്യം പരിഗണിച്ചതിനുശേഷം, കോവിഡ് രണ്ടാം തരംഗത്തിൽ ട്രഷറികളുടെയും ബാങ്കുകളുടെയും പ്രവർത്തനങ്ങളിൽ സർക്കാർ പൂർണ്ണമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓൺലൈനായി പണം ഒടുക്കുന്നതിന് തടസ്സങ്ങൾ നേരിട്ടില്ലായെന്നതുകൊണ്ട്, കോവിഡ്-19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ലേലം കൊണ്ട തടി യഥാസമയം ലേലത്തുകയും നികുതികളും അടച്ചിട്ടും നീക്കം ചെയ്യാൻ കഴിയാത്തവർക്ക് ഉത്തരവ് തീയ്യതി മുതൽ രണ്ടാഴ്ചത്തെ സമയം കൂടി നല്കി തടി നീക്കം ചെയ്യുന്നതിന് അനുവാദം നൽകി പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ലേലവ്യവസ്ഥ 15(ഇ) പ്രകാരമുള്ള കാലയളവിനുശേഷം നീക്കം ചെയ്യാതെ കിടക്കുന്ന ലോട്ടുകൾ ലേലം വിളിച്ചെടുത്തവരുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായതിനാലും ലേല വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നത് സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാലും, കോവിഡ് രണ്ടാം തരംഗം കാരണം തടി ലേലത്തുക ഒടുക്കുന്നതിനും ലേലം കൊണ്ട തടി നീക്കം ചെയ്യുന്നതിനും കഴിയാതെ വന്നതിനാൽ കൂടുതൽ സമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

WP(C) No. 23631/2021 കേസിൽ 06/12/2021-ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം ഇതിനാൽ നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

സ.ഉ.(സാധാ) നം.36/2022/F&WLD

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

ശ്രീ.സി. എച്ച്. ഉമ്മർ, സിൻഷ ടിമ്പേഴ്സ്, കൊടത്തിപ്പടി, നിലമ്പൂർ, മിൽമ പ്ളാന്റിന് എതിർവശം, മലപ്പുറം-679 329.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന്